# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

India's National Spiritual Newspaper

₹ 10/-

ECHO OF HIS CALL 1968-2018 GOLDEN JUBILEE

REACHING NATIONS

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXXI | YEAR OF OUR LORD JESUS CHRIST, 2025 APRIL | No. 06


### വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**മർക്കൊസ് 16:9–16**

09. അവൻ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ രാവിലെ ഉയിർത്തെഴുന്നേറ്റിട്ടു താൻ ഏഴു ഭൂതങ്ങളെ പുറത്താക്കിയിരുന്ന മഗ്ദലക്കാരത്തി മറിയെക്കു ആദ്യം പ്രത്യക്ഷനായി.

10. അവൾ ചെന്നു അവനോടുകൂടെ ഇരുന്നവരായി ദുഃഖിച്ചും കരഞ്ഞുംകൊണ്ടിരുന്നവരോടു അറിയിച്ചു.

11. അവൻ ജീവനോടിരിക്കുന്നു എന്നും അവൾ അവനെ കണ്ടു എന്നും അവർ കേട്ടാറെ വിശ്വസിച്ചില്ല.

12. പിന്നെ അവരിൽ രണ്ടുപേർ നാട്ടിലേക്കു പോകുമ്പോൾ അവൻ മറ്റൊരു രൂപത്തിൽ അവർക്കും പ്രത്യക്ഷനായി.

13. അവർ പോയി ശേഷമുള്ളവരോടു അറിയിച്ചു; അവരുടെ വാക്കും അവർ വിശ്വസിച്ചില്ല.

14. പിന്നത്തേതിൽ പതിനൊരുവർ ഭക്ഷണത്തിനിരിക്കുമ്പോൾ അവൻ അവർക്കും പ്രത്യക്ഷനായി, തന്നെ ഉയിർത്തെഴുന്നേറ്റവനായി കണ്ടവരുടെ വാക്കു വിശ്വസിക്കായ്കയാൽ അവരുടെ അവിശ്വാസത്തെയും ഹൃദയ കാഠിന്യത്തെയും ശാസിച്ചു.

15. പിന്നെ അവൻ അവരോടു: നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ.

16. വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും.

# ഉയിർപ്പിന്റെ പിന്നിലെ പ്രത്യാശ!


ബഹു. ചീഫ് എഡിറ്റർ

റവ. ഏഞ്ചലിൻ സെൽവകുമാരി


## THE HOPE BEHIND RESURRECTION!



ക്രിസ്തുവിന്റെ പുനരുദ്ധാനത്തിലൂടെ നിരാശ സന്തോഷമായി മാറുന്ന സമയമാണ് ഈസ്റ്റർ. എന്നിരുന്നാലും, നമ്മുടെ തിരക്കേറിയ ജീവിതത്തിന്റെയും നിരന്തരമായ പോരാട്ടങ്ങളുടെയും മദ്ധ്യേ, പ്രത്യാശ ചിലപ്പോൾ അകലെയായി തോന്നിയേക്കാം. നമ്മുടെ വിശ്വാസം വ്യതിചലിക്കുകയും, സംശയം നമ്മുടെ ദർശനത്തെ മേഘാവൃതമാക്കുകയും, പ്രവർത്തനത്തിൽ ദൈവത്തിന്റെ കൈ മനസ്സിലാക്കാൻ പാടുപെടുകയും ചെയ്യുന്ന നിമിഷങ്ങളുണ്ട്. അനശ്ചിതത്വത്താൽ നിങ്ങൾ എപ്പോഴെങ്കിലും തളർന്നു പോയതായി തോന്നിയിട്ടുണ്ടെങ്കിൽ ധൈര്യപ്പെടുക, നിങ്ങൾ ഒറ്റക്കല്ല.

ലൂക്കൊസ് 24:13–35 വരെയുള്ള ഭാഗങ്ങളിലെ എമ്മവുസിലേക്കുള്ള രണ്ടു ശിഷ്യന്മാരുടെ യാത്ര ഈ സത്യത്തെ ശക്തമായി ചിത്രീകരിക്കുന്നു. നമ്മുടെ സംശയത്തിന്റെ നിമിഷങ്ങളിൽപോലും, നമ്മുടെ വിശ്വാസം പുനരുജ്ജീവിപ്പിക്കാനും പ്രത്യാശ പുനഃസ്ഥാപിക്കുവാനും തയ്യാറായി യേശു നമ്മോടു ചേർന്നു നടക്കുന്നുവെന്ന് അതു നമ്മെ ഓർമ്മിപ്പിക്കുന്നു.

### അവിശ്വാസത്തിന്റെ ഭാരം!

പൊടി നിറഞ്ഞ ഒരു പാതയിലൂടെ നടന്നുപോകുന്ന രണ്ടു പേരെ സങ്കല്പിച്ചു നോക്കുവിൻ. അവരുടെ ചുവടുകൾ ദുഃഖം കൊണ്ടും അവരുടെ ഹൃദയം നിരാശയാലും ഭാരമുള്ളതായിരുന്നു. യിസ്രായേലിനെ വീണ്ടെടുക്കാൻ ഏറെക്കാലമായി കാത്തിരുന്ന മശിഹയാണ്

3–ാം പേജിൽ തുടരും...




**Echo of His Call**

*Christian YouTube Channel!*

**An opportunity to pray with Pr. S. Sam Selva Raj!**

Message & Prayer in 5 minutes!!

**English, Hindi, Tamil & Telugu**


Every day – From 2.00 A.M.

**Tamil Sunday Service – 8.30 A.M.**

* Please Subscribe and Share *

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

## from your dearly beloved brother...




**ഈ ദൈവം ഇന്നും എന്നേക്കും നമ്മുടെ ദൈവമാകുന്നു; അവൻ നമ്മെ ജീവപര്യന്തം വഴിനടത്തും. സങ്കീർത്തനങ്ങൾ 48:14**



### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

HON. EDITOR-IN-CHIEF
Rev. Angeline S. Kumari, M.A., M.Sc., M.Ed.
EX MANAGING EDITOR
Pastor Alex Samson Sam, B.Th., M.Div.
GENERAL MANAGER
Bro. N. Prakasam, M.A., M.Sc.(C&P), PGDHRM., MBA.
ADMINISTRATION
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)
EDITORIAL BOARD
Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Rev. Dr. K.R. Rajasekaran
Rev. Dr. William Robert, Ph.D., DD, D.Lit.

EDITOR, PUBLISHER & PRINTER
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858
95661 31858
E.MAIL
sam@echoofhiscall.org
biblecor@yahoo.co.in
WEBSITES
www.echoofhiscall.org
www.stpaulsmatriculation.org
YOUTUBE CHANNEL
Echo of His Call

ക്രിസ്തുവിൽ പ്രീയരേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ വിലയേറിയ നാമത്തിൽ ആശംസകൾ അർപ്പിക്കുന്നു. **അവൻ നല്ലവൻ അല്ലോ; അവന്റെ ദയ എന്നേക്കും ഉള്ളതു** (2 ദിനവൃത്താന്തം 7:3).

1969 ൽ ഞങ്ങളുടെ ശുശ്രൂഷ ആരംഭിച്ചതുമുതൽ ഈ 55 വർഷത്തോളവും ദൈവം ഞങ്ങളെ അത്ഭുതകരമായി വഴിനടത്തി. ഞങ്ങളുടെ മാനേജിംഗ് എഡിറ്ററും ഞങ്ങളുടെ മകനുമായ പാസ്റ്റർ അലക്സ് സാംസൺ സാം, ഞങ്ങളോട് കരങ്ങൾ ചേർത്തു പ്രവർത്തിച്ചിട്ട്, തന്റെ ഓട്ടം പൂർത്തിയാക്കി 13-02-2025 ന് കർത്തൃസന്നിധിയിൽ പ്രവേശിച്ചു. കഴിഞ്ഞ മുപ്പതു വർഷങ്ങളായി അദ്ദേഹം മിഷനുവേണ്ടി ചെയ്ത പ്രവർത്തനങ്ങൾക്കും തന്റെ ജീവിതത്തിനുമായി ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. ഞങ്ങൾ വീണ്ടും കണ്ടുമുട്ടും. ഞങ്ങൾക്ക് നിങ്ങളുടെ പ്രാർത്ഥനകൾ ആവശ്യമായിരിക്കുന്നു.

വിളിയുടെ പ്രതിധ്വനി ശുശ്രൂഷയുടെ 56-ാമത് വാർഷികം ഓഗസ്റ്റ് 8,9,10 തീയതികളിൽ നമ്മുടെ സന്തോഷപുരം സ്കൂൾ മൈതാനത്ത് നടക്കുന്നതാണ്. പ്രത്യേക പ്രഭാഷകർ ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. പ്രാർത്ഥനയിലും കൂട്ടായ്മയിലും ഞങ്ങളോടൊപ്പം ചേരാൻ ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു.



*സിസ്റ്റർ ഏഞ്ചലിൻ സെൽവകുമാരി*

വിളിയുടെ പ്രതിധ്വനിയുടെ ബഹുമാനമുള്ള ചീഫ് എഡിറ്ററായ ഞങ്ങളുടെ പ്രീയപ്പെട്ട മകൾ സിസ്റ്റർ ഏഞ്ചലിൻ സെൽവകുമാരിയെ, മറ്റു അംഗങ്ങളുടെ സഹകരണത്തോടെ ഞങ്ങളുടെ ഓഫീസുകളുടെ ഹെഡ് ചീഫായി നിയമിച്ചു എന്ന് അറിയിക്കുന്നതിൽ സന്തോഷമുണ്ട്. ഈ ദൗത്യം പുതിയ ഉയരങ്ങളിലേക്ക് അവരെ കൊണ്ടുപോകുമ്പോൾ പ്രാർത്ഥനയോടെ അവരെ ഉയർത്തിപ്പിടിക്കുവാനും അവർക്കു പൂർണ്ണ പിന്തുണ നൽകാനും ഞങ്ങളുടെ ടീമംഗങ്ങളോടും ഞങ്ങളുടെ ശുശ്രൂഷാ പങ്കാളികളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

## ജോഷ്വ വാരിയേഴ്സ് ഇന്റർനാഷണൽ!

കഴിഞ്ഞ മൂന്നു വർഷമായി ജോഷ്വ വാരിയേഴ്സ് ഇന്റർനാഷണൽ താളെ പറയുന്ന ശുശ്രൂഷകളിൽ സജീവമായി ഏർപ്പെട്ടിരിക്കുന്നു.

### 1. യുവാക്കൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ആഗോള ദർശനം:

നിങ്ങൾ ഏതു രാജ്യത്തിലായിരുന്നാലും രാത്രി 10.00 മണിക്ക് എന്നു നിശ്ചയിച്ചിരിക്കുന്ന സമയത്ത് നിങ്ങളെ പ്രാർത്ഥിക്കാൻ പ്രോത്സാഹിപ്പിക്കുന്നു.

***"കർത്താവേ, ലോകത്തിലെ എല്ലാ യുവാക്കളെയും സ്ത്രീകളെയും കുട്ടികളെയും ദയവായി ഓർക്കേണമേ."***

ഈ വർഷങ്ങളിൽ നമ്മുടെ  പള്ളികളിലെ യുവാക്കൾക്കിടയിൽ ദൈവം ശക്തമായി പ്രവർത്തിക്കുന്നു. നിങ്ങൾക്കും ഈ പ്രാർത്ഥനാസംഘത്തിൽ ചേരാം. അങ്ങനെ നിങ്ങൾ ആയിരിക്കുന്ന രാജ്യത്തും, സ്ഥലത്തും രാത്രി 10.00 മണിക്ക് ഞങ്ങളോടൊപ്പം ചേർന്ന് പ്രാർത്ഥിക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

Our Ministries: ECHO OF HIS CALL Monthly Magazines (16 languages) ◘ BIBLECOR - Postal Courses (3 languages) ◘ YouTube Ministry ◘ Online Courses ◘ Theological Correspondence Courses (2 languages) ◘ Church Planting ◘ Nehemiah Bible Colleges ◘ Gospel Printing Press ◘ Great Commission Partners ◘ St. Paul's Matriculation School ◘ Crusades ◘ Community Development

### 2. 24 മണിക്കൂർ തുടർച്ചയായ പ്രാർത്ഥന:

ആഗോള പുനരുജ്ജീവനത്തിനും ജനങ്ങളുടെ ആവശ്യങ്ങൾക്കും വേണ്ടിയുള്ള ഭാരത്തോടെ എല്ലാ ദിവസവും, ആഴ്ച മുഴുവനും 24 മണിക്കൂറും തുടർച്ചയായി പ്രാർത്ഥിക്കുന്ന ഒരു ശൃംഖല ഞങ്ങൾക്കുണ്ട്. നിങ്ങൾക്ക് ഇഷ്ടമുള്ള സമയത്ത് ഒരു മണിക്കൂർ ദൈർഘ്യമുള്ള പ്രാർത്ഥനക്കായി സൈൻ അപ് ചെയ്തുകൊണ്ട് പങ്കെടുക്കാൻ ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു. ദയവായി നിങ്ങളുടെ പേര്, മൊബൈൽ നമ്പർ, ഇഷ്ടപ്പെട്ട പ്രാർത്ഥനാസമയം എന്നീ വിവരങ്ങൾ ഞങ്ങളുടെ ഓഫീസിൽ അറിയിക്കുവിൻ.

### 3. സെമിനാറുകൾ, ക്യാമ്പുകൾ, ശില്പശാലകൾ:



*സിസ്റ്റർ ആൻഡ്രിയ ക്രിസ്മസ് ഹെൻട്രി*

മതപരമായ വിഭാഗീയ ചിന്തകൾ മറികടന്ന് ലോകമെമ്പാടുമുള്ള യുവാക്കളെയും സ്ത്രീകളെയും കർത്താവായ യേശുവിന്റെ സാക്ഷികളായി വളർത്തിയെടുക്കാൻ യുവാക്കൾക്കും കുട്ടികൾക്കും പ്രത്യേക പരിശീലന സെക്ഷനുകൾ ആഗോളതലത്തിൽ നടത്തപ്പെടുന്നു.

ഇതിൽ ഭാഗമാകാൻ താൽപര്യമുണ്ടെങ്കിൽ നിങ്ങൾക്ക് സൗജന്യമായി ചേരാം, വാർത്തകളും സാക്ഷ്യങ്ങളും ഞങ്ങൾ നിങ്ങളെ അറിയിക്കും. സിസ്റ്റർ ആൻഡ്രിയ ക്രിസ്മസ് ഹെൻട്രി ഈ ശുശ്രൂഷയുടെ ചുമതല ഏറ്റെടുത്തു.

## സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ & നെഹെമ്യ ബൈബിൾ കോളേജുകൾ!

**സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലേക്ക്** അനുയോജ്യരായ നേതാക്കളെയും അധ്യാപകരെയും തേടുന്നു.



*റവ. ഡോ. ജോൺ രാജരത്നം*

കൂടാതെ, **നെഹെമ്യ ബൈബിൾ കോളേജുകൾ** ഫലപ്രദമായി പ്രവർത്തിക്കുന്നു.

(1) <u>തമിഴ് ക്ലാസ്സുകൾ</u> - വേളാച്ചേരി, ചെപ്പോക്ക് & സന്തോഷപുരം. (സായാഹ്ന ക്ലാസുകൾ, ആഴ്ചയിൽ മൂന്നു ദിവസം. തിങ്കൾ, ചൊവ്വ, വ്യാഴം)

(2) <u>ഹിന്ദി ക്ലാസ്സുകൾ</u> - വേളാച്ചേരി (റസിഡെൻഷ്യൽ).

സീനിയർ പ്രിൻസിപ്പാൾ എന്ന നിലയിൽ നേതൃത്വം നൽകുന്ന റവ. ഡോ. ജോൺ രാജരത്നത്തിനെ നിങ്ങളുടെ പ്രാർത്ഥനയിൽ ഓർക്കുവാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

## അംഗീകാരവും നന്ദിയും!

16 ഭാഷകളിലുള്ള **വിളിയുടെ പ്രതിധ്വനി** മാസികയുടെ പ്രസിദ്ധീകരണം തടസ്സമില്ലാതെ ഉറപ്പാക്കുവാനായി അഹോരാത്രം പ്രയത്നിക്കുന്ന അസോസിയേറ്റ് എഡിറ്റർമാർ, വിവർത്തകർ, സഹായികൾ, ഓഫീസ് സ്റ്റാഫ്, ഡി.റ്റി.പി. സ്റ്റാഫ്, പ്രിന്റർമാർ എന്നിവരുടെ സമർപ്പിത ടീം അംഗങ്ങൾക്ക് ഞങ്ങൾ ദൈവത്തിനു നന്ദി പറയുന്നു. ഈ 75 വ്യക്തികളെയും നിങ്ങളുടെ പ്രാർത്ഥനയിൽ ഓർക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പാസ്റ്റർമാർ, സണ്ടേസ്കൂൾ അദ്ധ്യാപകർ, പ്രാർത്ഥനാ ഗ്രൂപ്പ് നേതാക്കൾ, യുവജനപ്രസ്ഥാന നേതാക്കൾ, ഹൗസ് പ്രെയർ കോഡിനേറ്റർമാർ എന്നീ നിലകളിൽ 100 ലധികം ശുശ്രൂഷകർ ഞങ്ങളുടെ മുഖ്യസഭയിലും ശാഖാ സഭകളിലും വിശ്വസ്തതയോടെ സേവനം ചെയ്യുന്നു. ഈ ശുശ്രൂഷകൾക്കായി നിങ്ങളുടെ തുടർച്ചയായ പ്രാർത്ഥനയും പിന്തുണയും ഞങ്ങൾ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ ആശ്രയിച്ചുകൊണ്ട്, അവന്റെ ശുശ്രൂഷകരിലൂടെ ഞങ്ങളുടെ ആവശ്യങ്ങളെല്ലാം നിറവേറ്റിത്തരുമെന്ന പൂർണ്ണമായ വിശ്വാസത്തോടെ ഞങ്ങൾ നിലനിൽക്കുന്നു. ഞങ്ങൾ മനുഷ്യന്റെ ശക്തിയിലല്ല, മറിച്ച്, ദൈവത്തിന്റെ കരുതലിലാണ് ആശ്രയിക്കുന്നത്. ഈ ശുശ്രൂഷക്കായി പ്രാർത്ഥനയിൽ ഞങ്ങളോടൊപ്പം ചേരാനും കർത്താവ് നിങ്ങളെ നയിക്കുന്നതുപോലെ അതിനെ പിന്തുണയ്ക്കാനും ഞങ്ങൾ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

കർത്താവ് മടങ്ങിവരുമ്പോൾ അവൻ നിങ്ങൾക്ക് അതിനനുസരിച്ച് പ്രതിഫലം തരും.

കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

അവന്റെ ശുശ്രൂഷയിൽ,

**വിളിയുടെ പ്രതിധ്വനി കുടുംബം**

E.mail : sam@echoofhiscall.org

## നിങ്ങളുടെ പ്രത്യേക ശ്രദ്ധയ്ക്ക്!

വിളിയുടെ പ്രതിധ്വനിയുടെ 5 മിനിട്ട് യുട്യൂബ് സന്ദേശങ്ങൾ എല്ലാ ദിവസവും രാവിലെ 2.00 മണിക്ക് തമിഴ്, തെലുങ്ക്, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ സംപ്രേഷണം ചെയ്യുന്നു. ഈ സന്ദേശങ്ങളിലൂടെ ദൈവകൃപ പ്രാപിക്കാൻ സാധിക്കും.

കൂടാതെ നിങ്ങളുടെ മൊബൈൽ ഫോണുകളിൽ (+91)98410 71858, (+91)98412 71858 (പേഴ്സണൽ) എന്നീ എന്റെ നമ്പരുകൾ സേവ് ചെയ്യുവിൻ.

- പാസ്റ്റർ സാം സെൽവരാജ്

1-ാം പേജിന്റെ തുടർച്ച...

അവനെന്ന് വിശ്വസിച്ചുകൊണ്ട് അവർ തങ്ങളുടെ എല്ലാ പ്രതീക്ഷകളും യേശുവിൽ അർപ്പിച്ചിരുന്നു. എന്നാൽ ഇപ്പോൾ അവന്റെ ക്രൂശീകരണം അവരുടെ സകല പ്രതീക്ഷകളും തകർത്തുകളഞ്ഞു. അവന്റെ പുനരുത്ഥാനത്തെക്കുറിച്ചുള്ള കിംവദന്തികൾ പ്രചരിക്കാൻ തുടങ്ങിയിരുന്നു എങ്കിലും അവരുടെ ദുഃഖവും സങ്കടവുമെല്ലാം അവരുടെ ധാരണയെ മൂടിക്കളഞ്ഞു.

അവർ യാത്ര ചെയ്യുമ്പോൾ അവരോടു ചേർന്ന് ഒരു അപരിചിതൻ നടന്നു. അതു യേശു തന്നെ ആയിരുന്നു എങ്കിലും അവർ തിരിച്ചറിഞ്ഞില്ല. അവർ സംസാരിക്കുന്ന വിഷയത്തെക്കുറിച്ച് അവൻ അന്വേഷിച്ചപ്പോൾ, അവർ എല്ലാം അവനോടു പങ്കുവച്ചു. യേശു അതെല്ലാം സൗമ്യമായി കേട്ടതിനുശേഷം അവൻ സൗമ്യമായി അവരെ ശാസിച്ചു:

**അയ്യോ ബുദ്ധിഹീനരേ, പ്രവാചകന്മാർ പറഞ്ഞിരിക്കുന്നതു എല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളേ...** (ലൂക്കൊസ് 24:25).

അവന്റെ വാക്കുകൾ പരുഷമായിരുന്നില്ലെങ്കിലും തിരുവചനത്തിലെ വാഗ്ദാനങ്ങൾ ഓർമ്മിപ്പിക്കുന്ന ആർദ്രമായ ആഹ്വാനമായിരുന്നു. പ്രവചനങ്ങളും, ഉറപ്പുകളും, തന്നിലേക്കുതന്നെയാണ് വിരൽ ചൂണ്ടിയിരുന്നത് എന്നുള്ള ഓർമ്മപ്പെടുത്തലായിരുന്നു.

നാം ശിഷ്യന്മാരുടെ സ്ഥാനത്ത് എത്താറുണ്ടോ? ദൈവത്തിന്റെ വാഗ്ദാനങ്ങൾ നമുക്കറിയാമെങ്കിലും പ്രതികൂല സാഹചര്യങ്ങൾ വരുമ്പോൾ നമ്മുടെ ശ്രദ്ധ അവന്റെ സത്യങ്ങളിൽനിന്നും നമ്മുടെ പ്രശ്നങ്ങളിലേക്ക് മാറിപ്പോകുന്നു. എന്നാൽ യാഥാർത്ഥ്യം മാറ്റമില്ലാതെ നിലനിൽക്കുന്നു. അവനെ തിരിച്ചറിയാൻ നാം പരാജയപ്പെട്ടാൽപോലും യേശു നമ്മോടൊപ്പം നടക്കുകയും, നമ്മുടെ ജീവിതത്തിൽ തന്നെത്തന്നെ വെളിപ്പെടുത്തുവാൻ ക്ഷമയോടെ കാത്തിരിക്കയും ചെയ്യുന്നു.

## യേശു, മഹാനായ ആശ്വാസദായകൻ!

എമ്മവൂസ് യാത്രയുടെ വിവരണത്തെ ഇത്രയധികം ഹൃദയസ്പർശിയാക്കുന്നത് യേശു തന്റെ ശിഷ്യന്മാരെ സമീപിക്കാൻ തിരഞ്ഞെടുത്ത രീതിയാണ്. അവന്റെ വ്യക്തിത്വം മഹത്വത്തോടെ അവൻ ഉടനെ തന്നെ വെളിപ്പെടുത്തുന്നില്ല. പകരം, അവൻ അവരോടൊപ്പം നടക്കുകയും, അവരുടെ ദുഃഖങ്ങളെല്ലാം ശ്രവിക്കുകയും, വിവേകത്തിലേക്ക് സൗമ്യമായി അവരെ നയിക്കുകയും ചെയ്യുന്നു. അങ്ങനെ ചെയ്യുമ്പോൾ നമ്മുടെ പോരാട്ടങ്ങളെക്കുറിച്ചുള്ള തന്റെ ആഴത്തിലുള്ള അവബോധം അവൻ പ്രകടിപ്പിക്കുന്നു. തകർച്ചയുടെയും ദുഃഖത്തിന്റെയും നിമിഷങ്ങളിൽ യേശു നമ്മെ തേടിവരുന്നു. അവൻ തൽക്ഷണമായ വിശ്വാസം ആവശ്യപ്പെടുകയോ ഒറ്റ രാത്രികൊണ്ട് നമ്മുടെ വേദന അപ്രത്യക്ഷമാകുകയോ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നില്ല. മറിച്ച്, അവൻ തന്റെ സ്നേഹനിർഭരമായ സാന്നിദ്ധ്യവും തന്റെ സത്യത്തിന്റെ രോഗശാന്തിയുടെ ശക്തിയും വാഗ്ദാനം ചെയ്യുന്നു.

നിങ്ങൾക്കു നഷ്ടപ്പെട്ടതായി തോന്നിയ സമയങ്ങളെക്കുറിച്ച് ചിന്തിച്ചു നോക്കുവിൻ. ഒരുപക്ഷെ, വേദനാജനകമായ വേർപിരിയലോ, ജോലി നഷ്ടപ്പെട്ടതോ, മറികടക്കാൻ കഴിയാത്ത പരാജയങ്ങളോ ആയിരിക്കാം. ആ നിമിഷങ്ങളിൽ ദൈവം നിശ്ശബ്ദനായിരുന്നോ എന്നു നിങ്ങൾ ചിന്തിച്ചിട്ടുണ്ടാകാം. പക്ഷെ, അവൻ എപ്പോഴും അവിടെ ഉണ്ടായിരുന്നു എന്നതാണ് സത്യം. നിങ്ങളുടെ അരികിലൂടെ നടക്കുകയും, തന്റെ വചനത്തിലൂടെ സംസാരിക്കുകയും, നിങ്ങൾ അവനെ തിരിച്ചറിയുന്നതുവരെ ക്ഷമയോടെ കാത്തിരിക്കുകയും ചെയ്യുന്നു. നമ്മുടെ സങ്കടങ്ങളെ പ്രത്യാശയാക്കി മാറ്റുവാനായി നമ്മുടെ ഭാരങ്ങളെ അവന്റെ സന്നിധിയിലേക്കു കൊണ്ടുവരാൻ യേശു നമ്മെ ക്ഷണിക്കുന്നു. യോഹന്നാൻ 11:25 ൽ പ്രഖ്യാപിക്കുന്നതുപോലെ, **ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.** ഈ വാഗ്ദാനം വിദൂരഭാവിക്കുവേണ്ടിയുള്ളതു മാത്രമല്ല, നാം അനുദിനം അഭിമുഖീകരിക്കുന്ന വെല്ലുവിളികൾക്കും വേണ്ടിയുള്ളതാണ്.

## ദൈവത്തിന്റെ വചനത്തിന്റെ ശക്തി!

ശിഷ്യന്മാർ യാത്ര തുടർന്നപ്പോൾ യേശു അവരുടെ മുമ്പിൽ തിരുവെഴുത്തുകളെ വെളിപ്പെടുത്തുവാൻ തുടങ്ങി. മോശ മുതൽ സങ്കീർത്തനങ്ങൾ വരെയുള്ള എല്ലാ പ്രവചനങ്ങളും വിരൽ ചൂണ്ടുന്നത് ആരെയാണെന്നു അവരെ വെളിപ്പെടുത്തി. ആ സംഭാഷണത്തിന്റെ ആഴം സങ്കൽപ്പിക്കുക: ഓരോ വാക്കും, ഓരോ പ്രവചനവും, ഓരോ മുൻകരുതലും ജീവൻ വെച്ചപോലെയായി. പിന്നീട് ശിഷ്യന്മാർ പറഞ്ഞതിനെക്കുറിച്ച് അതിശയിക്കേണ്ടതില്ല: **അവൻ വഴിയിൽ നമ്മോടു സംസാരിച്ചു തിരുവെഴുത്തുകളെ തെളിയിക്കുമ്പോൾ നമ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ കത്തിക്കൊണ്ടിരുന്നില്ലയോ എന്നു അവർ തമ്മിൽ പറഞ്ഞു** (ലൂക്കൊസ് 24:32).

## ജീവനുള്ള വചനവും പുനരുത്ഥാനത്തിന്റെ വാഗ്ദാനവും!

വേദപുസ്തകം ഭൂതകാലത്തിന്റെ ഒരു അവശിഷ്ടമല്ല; അത് ജീവനുള്ളതും സജീവവുമായ വഴികാട്ടിയാണ് (എബ്രായർ 4:12), അത് ഇന്നും നമ്മുടെ ഹൃദയങ്ങളോടു സംസാരിക്കുന്നു. നാം തിരുവെഴുത്തുകളിൽ മുഴുകുമ്പോൾ, നമ്മുടെ സമാധാനത്തിനു ഭീഷണിയായ സംശയങ്ങളെയും ഭയങ്ങളെയും നിശബ്ദമാക്കുവാൻ നാം ദൈവത്തിന്റെ സത്യത്തെ ക്ഷണിക്കുന്നു. യേശുവിന്റെ സാന്നിദ്ധ്യത്തിന്റെ ഭൗതീകമായ തെളിവ് ശിഷ്യന്മാർക്ക് ആവശ്യമില്ലായിരുന്നു. അവന്റെ വചനം മനസ്സിലാക്കുന്നതിൽനിന്നു വരുന്ന പ്രകാശം അവർക്ക് ആവശ്യമായിരുന്നു. ആ പ്രകാശം അവരുടെ നിരാശയിലൂടെ തുളച്ചുകയറിയപ്പോൾ അവരുടെ ഹൃദയങ്ങൾ പുതുക്കപ്പെട്ട പ്രത്യാശയാൽ ജ്വലിച്ചു.

റോമർ 6:4 ൽ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുവിൻ: **അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്നു സ്നാനത്താൽ അവനോടു കൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ.** പുനരുത്ഥാന പ്രത്യാശയുടെ അടിസ്ഥാനത്തിലാണ് ഈ പുതിയ ജീവിതം പണിതിരിക്കുന്നത്. നമ്മുടെ ഉള്ളിൽനിന്നും നമ്മെ രൂപാന്തരപ്പെടുത്തുന്ന ഈ പ്രത്യാശ ജീവിതത്തിന്റെ ഇരുളടഞ്ഞ നിമിഷങ്ങളിൽ പോലും നമ്മുടെ ആത്മാവിനെ പുതുക്കുന്നു.

## പുനരുത്ഥാനത്തിന്റെ വാഗ്ദാനം!

പുനരുത്ഥാനം ഈസ്റ്റർ പ്രഭാതത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നു ഒരു ചരിത്ര സംഭവമല്ല; അത് നമ്മുടെ വിശ്വാസത്തിന്റെ മൂലക്കല്ലായി പാപത്തിന്റെയും മരണത്തിന്റെയും മേലുള്ള ദൈവീകശക്തിയുടെ ആത്യന്തിക പ്രകടനമാണ്. പൗലൊസ് ഇങ്ങനെ പ്രഖ്യാപിക്കുന്നു: **എന്നാൽ ക്രിസ്തു നിദ്ര കൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽനിന്നു ഉയിർത്തിരിക്കുന്നു. മനുഷ്യൻ മൂലം മരണം ഉണ്ടാകയാൽ മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യൻ മൂലം ഉണ്ടായി. ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിക്കപ്പെടും.** മരണം അവസാനമല്ലെന്ന് ഈ ആഴമേറിയ സത്യം നമുക്ക് ഉറപ്പ് നൽകുന്നു–നമ്മുടെ പരീക്ഷണങ്ങളോ പരാജയങ്ങളോ അല്ല.

മരണത്തിന്റെ മേലുള്ള യേശുവിന്റെ വിജയം നമുക്ക് നമ്മുടെ സാഹചര്യങ്ങളുടെ മേൽ വിജയം നേടാം എന്നുള്ള ഉറപ്പാണ്. ജീവിതത്തിലെ കഷ്ടപ്പാടുകൾ നമ്മെ കീഴടക്കുമ്പോൾ പുനരുത്ഥാനത്തിന്റെ കാഴ്ചപ്പാടിൽ മാറ്റം വരുന്നു. നമ്മുടെ ഇപ്പോഴത്തെ കഷ്ടപ്പാടുകൾ താല്കാലികമാണ്, എന്നാൽ നിത്യജീവന്റെ പ്രത്യാശ അചഞ്ചലമാണ്. ഇത് നമ്മുടെ വേദനയെ തള്ളിക്കളയുവാനുള്ള ആഹ്വാനമല്ല, മറിച്ച് ക്രിസ്തുവിന്റെ വിജയത്തിന്റെ കണ്ണിലൂടെ കാണാനുള്ള ക്ഷണമാണ്. അവനിൽ, സഹിക്കുവാനുള്ള ശക്തി, പ്രത്യാശിക്കുവാനുള്ള ധൈര്യം, നമുക്കു കാണാൻ കഴിയുന്നതിലും അപ്പുറമുള്ള ഒരു ഭാവിയുടെ വാഗ്ദാനവും നാം കണ്ടെത്തുന്നു.

*6–ാം പേജിൽ തുടരും...*

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**ഏപ്രിൽ 19** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ്** എന്നിവയുടെ പ്രവർത്തനങ്ങളെ ദൈവം നടത്തി പരിപാലിക്കുന്നതിനായി.

**ഏപ്രിൽ 20** ⇨ വിദ്യാഭ്യാസവും അർപ്പണബോധവുമുള്ള വ്യക്തികളെ ഞങ്ങൾക്കു തെരഞ്ഞെടുക്കുവാനുള്ള കഴിവു തന്നതിനായി.

**ഏപ്രിൽ 21** ⇨ **വിളിയുടെ പ്രതിധ്വനി**യുടെ എല്ലാ അസ്സോസിയേറ്റ് എഡിറ്റർമാർക്കും കുടുംബങ്ങൾക്കുമായി.

**ഏപ്രിൽ 22** ⇨ ഞങ്ങളുടെ പള്ളികൾ, സണ്ടേസ്കൂൾ, യുവജന പ്രസ്ഥാനം, ആശുപത്രി ശുശ്രൂഷ എന്നിവയെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതിനായി.

**ഏപ്രിൽ 23** ⇨ സീനിയർ പാസ്റ്റർ സാം സെൽവരാജിനെയും കുടുംബത്തെയും സ്വർഗ്ഗീയ സംരക്ഷണവും നല്ല ആരോഗ്യവും നൽകിയതിനായി.

**ഏപ്രിൽ 24** ⇨ **ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകൾ (ബൈബിൾകോർ) തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സുകൾ** എന്നിവയെ അനുഗ്രഹിച്ചതിനായി.

**ഏപ്രിൽ 25** ⇨ ഞങ്ങളുടെ സ്ഥാപനത്തിലെ ജീവനക്കാരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായും അവരുടെ ക്ഷേമവും സംരക്ഷണവും ഉറപ്പാക്കുന്നതിനായും.

**ഏപ്രിൽ 26** ⇨ സീനിയർ പാസ്റ്റർ എസ്. സാം സെൽവരാജിന്റെ അഞ്ചു മിനിറ്റ് ദൈർഘ്യമുള്ള യുട്യൂബ് സന്ദേശങ്ങളിലൂടെ ഉയർന്നു വരുന്ന ശക്തമായ സാക്ഷ്യങ്ങൾക്കായി.

**ഏപ്രിൽ 27** ⇨ 2024-25 സാമ്പത്തിക വർഷത്തിലേക്കുള്ള ദൈവീക കരുതലിനും മാർഗ്ഗനിർദ്ദേശങ്ങൾക്കുമായി.

**ഏപ്രിൽ 28** ⇨ ഞങ്ങളുടെ മാസിക 16 ഭാഷകളിൽ ഞങ്ങളുടെ അച്ചടിശാലയിൽ അച്ചടിക്കാനും പ്രസിദ്ധീകരിക്കാനും മിഷൻ ഫീൽഡുകളിലേക്ക് അയക്കാനും ഞങ്ങളെ പ്രാപ്തരാക്കിയതിനായി.

**ഏപ്രിൽ 29** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**ഏപ്രിൽ 30** ⇨ നമ്മുടെ എല്ലാ സഭാപ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കാൻ യുവാക്കളെ പ്രചോദിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തതിനായി.

**മെയ് 01** ⇨ ഞങ്ങളുടെ മിഷണറി പ്രവർത്തകരുടെ അചഞ്ചലമായ പ്രതിബദ്ധതക്കായി.

**മെയ് 02** ⇨ ആഗോള അസ്വസ്ഥതകൾക്കും യുദ്ധഭീഷണിക്കും മദ്ധ്യേ എല്ലാ രാഷ്ട്രങ്ങൾക്കും ദൈവീകമായ സംരക്ഷണം ലഭ്യമാകാൻ.

**മെയ് 03** ⇨ രാഷ്ട്രീയവും മതപരവുമായ എതിർപ്പുകളുടെയും മദ്ധ്യേ ക്രിസ്തീയ സംഘടനകൾ അഭിവൃദ്ധി പ്രാപിച്ചുകൊണ്ട് പ്രതിരോധിക്കുന്നതിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**മെയ് 04** ⇨ 2025-26 അദ്ധ്യയന വർഷത്തിൽ **നെഹെമ്യ ബൈബിൾ റെസിഡെൻഷ്യൽ, സായാഹ്ന ക്ലാസ്സുകളിൽ** യോഗ്യരായ വിദ്യാർത്ഥികൾ ലഭിക്കുവാൻ.

**മെയ് 05** ⇨ 2025-26 അദ്ധ്യയന വർഷത്തിൽ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിൽ** പുതിയ വിദ്യാർത്ഥികളുടെ പ്രവേശനത്തിനായി.

**മെയ് 06** ⇨ ലോകം മുഴുവനുമുള്ള പള്ളികളിലൂടെ ആത്മാക്കളെ നേടുവാനും വലിയ ഉണർവ്വിനുമായി.

**മെയ് 07** ⇨ ഞങ്ങളുടെ സുവിശേഷ അച്ചടിശാലയുടെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി നടക്കാൻ.

**മെയ് 08** ⇨ ഞങ്ങളുടെ എല്ലാ ജീവനക്കാരുടെയും ഐക്യവും ഒത്തൊരുമക്കുമായി.

**മെയ് 09** ⇨ അസ്സോസിയേറ്റ് എഡിറ്റർമാർക്കും കുടുംബാംഗങ്ങൾക്കും ദൈവീക അനുഗ്രഹങ്ങൾക്കായി.

**മെയ് 10** ⇨ ഞങ്ങളുടെ ശുശ്രൂഷകൾക്കുള്ള സാമ്പത്തിക ആവശ്യങ്ങളിലെ ദൈവീക നടത്തിപ്പിനായി.

**മെയ് 11** ⇨ ശുശ്രൂഷകൾക്കും മിഷണറിമാർക്കുമെതിരായുള്ള പീഡനങ്ങൾ അവസാനിക്കുവാൻ.

**മെയ് 12** ⇨ വടക്കെ ഇന്ത്യയിലെ മിഷണറിമാരുടെയും ശുശ്രൂഷകരുടെയും കുടുംബാംഗങ്ങളുടെയും പൂർണ്ണ ആരോഗ്യത്തിനും ശക്തിക്കുമായി.

**മെയ് 13** ⇨ ലോകത്തെ പ്രതികൂലമായി ബാധിക്കുന്ന കാലാവസ്ഥാ വ്യതിയാനങ്ങളിൽനിന്നുള്ള ദൈവീക സംരക്ഷണക്കായി.

**മെയ് 14** ⇨ നിസ്വാർത്ഥമായി തങ്ങളുടെ മക്കളെ വളർത്തി പരിപാലിക്കുന്ന അമ്മമാർക്കായി.

**മെയ് 15** ⇨ ലോകമെമ്പാടുമുള്ള മാരകമായ രോഗമുള്ളവരുടെ ദീർഘമായ ആശുപത്രി വാസത്തിനായി.

**മെയ് 16** ⇨ ഭൂമിയിൽ ദൈവരാജ്യം സ്ഥാപിതമാകുവാനുള്ള പുതിയ ദർശനങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി.

**മെയ് 17** ⇨ സുവിശേഷം എത്താത്തിടത്ത് എത്തിക്കുവാനുള്ള ധൈര്യത്തിനും അവസരങ്ങൾക്കുമായി.

**മെയ് 18** ⇨ വിവിധ തലങ്ങളിൽ നമ്മുടെ ശുശ്രൂഷയുടെ വളർച്ചക്കും വിപുലീകരണത്തിനുമായി.

... 4-ാം പേജിന്റെ തുടർച്ച

## പരീക്ഷണങ്ങളുടെ മദ്ധ്യേ പ്രത്യാശ!

പുനരുത്ഥാനത്തിന്റെ പ്രത്യാശയുടെ വെളിച്ചത്തിൽ ജീവിക്കുന്നതുകൊണ്ട് ജീവിതം വെല്ലുവിളികളിൽനിന്ന് മുക്തമാകുമെന്ന് അർത്ഥമാക്കുന്നില്ല. **നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു** എന്ന് പൗലൊസ് അപ്പൊസ്തലൻ റോമർ 8:18ൽ നമ്മെ ഓർമ്മിപ്പിക്കുന്നു. നമുക്കുള്ള പരീക്ഷണങ്ങൾ എത്ര വേദനാജനകമാണെങ്കിലും, നമുക്കു ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന നിത്യമഹത്വത്തിന്റെ വെളിച്ചത്തിൽ അവ താല്ക്കാലികമാണ്.

വാസ്തവത്തിൽ, നമ്മുടെ പോരാട്ടങ്ങൾക്ക്, നമ്മുടെ വിശ്വാസം വേരൂന്നുകയും വളരുകയും ചെയ്യുന്ന മണ്ണായി പ്രവർത്തിക്കാൻ കഴിയും. യാക്കോബ് 1:2-4 വരെയുള്ള വാക്യങ്ങളിൽ ഇങ്ങനെ പ്രസ്താവിക്കുന്നു: **എന്റെ സഹോദരന്മാരേ, നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നു അറിഞ്ഞു അതു അശേഷം സന്തോഷം എന്നു എണ്ണുവിൻ.** പുനരുത്ഥാന പ്രത്യാശയുടെ ഉറപ്പോടെ നാം കഷ്ടപ്പാടുകൾ സഹിക്കുമ്പോൾ നമുക്ക് ഒരിക്കലും അറിയാത്ത ഒരു ശക്തി നമ്മുടെ ഉള്ളിൽ നാം കണ്ടെത്തുന്നു.

## പ്രത്യാശ പുനഃസ്ഥാപിച്ച ഒരു യഥാർത്ഥ ജീവിതകഥ!

കനത്ത നഷ്ടങ്ങൾക്കിടയിലും പുതിയ പ്രതീക്ഷകൾ കണ്ടെത്തിയ വ്യക്തികളുടെ വിവരണങ്ങളാൽ ചരിത്രം നിറഞ്ഞിരിക്കുന്നു. സങ്കൽപ്പിക്കാനാകാത്ത ദുഃഖം അനുഭവിച്ച ഹൊറേഷ്യോ സ്പാഫോഡിന്റെ കഥ അത്തരത്തിലൊന്നാണ്. 1873-ൽ സംഭവിച്ച ദാരുണമായ ഒരു കപ്പൽ അപകടത്തിൽ അദ്ദേഹത്തിന്റെ നാലു പെൺമക്കളെയും നഷ്ടപ്പെട്ടു. അദ്ദേഹത്തിന്റെ ദുഃഖത്തിന്റെ ആഴം വർണ്ണനാതീതമായിരുന്നു. എന്നിരുന്നാലും, ഈ നിരാശയുടെയും മദ്ധ്യേ അദ്ദേഹം ക്രിസ്തുവിലുള്ള തന്റെ പ്രത്യാശയിൽ ഉറച്ചുനിന്നു.

ദുഃഖിതയായിരിക്കുന്ന തന്റെ ഭാര്യയുടെ അടുക്കൽ പോകുവാനുള്ള കപ്പൽ യാത്രയിൽ തന്റെ മക്കൾ മരിക്കാനിടയായ ആ സ്ഥലത്തുകൂടെ കടന്നുപോയി. അവിടെവെച്ച്, ഈ വേദനയുടെ മദ്ധ്യേയും മഹത്തായ ഒരു സ്തുതിഗീതം രചിച്ചു-ഇറ്റ് ഈസ് വെൽ വിത്ത് മൈ സോൾ (It is well with my soul).

അഗാധമായ നഷ്ടത്തോടുള്ള സ്പാഫോഡിന്റെ ഈ പ്രതികരണം ശിഷ്യന്മാരുടെ എമ്മവൂസ് യാത്രയെ പ്രതിഫലിപ്പിക്കുന്നു. അദ്ദേഹത്തിന്റെ ഹൃദയം തകർന്നുവെങ്കിലും വിശ്വാസം തകർന്നില്ല. കഷ്ടതകൾ അനിവാര്യമാണെങ്കിലും നിരാശ അവസാനവാക്കായിരിക്കേണ്ടതില്ലെന്ന് അദ്ദേഹം മനസ്സിലാക്കി. അപ്പം മുറിക്കുമ്പോൾ ശിഷ്യന്മാർ യേശുവിനെ തിരിച്ചറിഞ്ഞതുപോലെ, ഉയിർത്തെഴുന്നേറ്റ യേശുവിന്റെ സാന്നിദ്ധ്യത്തിൽ നിന്നു വരുന്ന സമാധാനവും പുനഃസ്ഥാപനവും അദ്ദേഹത്തിന്റെ ഇരുണ്ട നിമിഷങ്ങളിൽ പോലും സ്പാഫോഡ് അനുഭവിച്ചു.

## അങ്ങയുടെ വിജയത്തിന്റെ വെളിച്ചത്തിൽ ജീവിക്കുന്നു!

മരണത്തിന്മേലുള്ള വിജയത്തിനേക്കാൾ ഉപരിയാണ് പുനരുത്ഥാനം-നമ്മുടെ ജീവിതങ്ങളെ വീണ്ടെടുക്കാനുള്ള ക്ഷണമാണിത്. **നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തിരം ഇതിൽ ഒക്കെയും പൂർണ്ണ ജയം പ്രാപിക്കുന്നു** എന്ന് റോമർ 8:37 പ്രഖ്യാപിക്കുന്നു. ഇത് പുനരുത്ഥാനത്തിന്റെ പ്രത്യാശയുടെ പരിവർത്തന ശക്തിയുടെ വെളിപ്പെടുത്തലാണ്. ജീവിതത്തിന്റെ വെല്ലുവിളികളെ നേരിടാൻ ഇത് നമ്മെ ശക്തിപ്പെടുത്തുന്നു, നമ്മുടെ പോരാട്ടങ്ങളാലല്ല, മറിച്ച് ക്രിസ്തുവിന്റെ സ്നേഹവും വിജയവുമാണ് നമ്മെ നിർവ്വചിക്കുന്നതെന്ന് ഓർമ്മിപ്പിക്കുന്നു.

എല്ലാ പരീക്ഷണങ്ങൾക്കും ഒരു ലക്ഷ്യമുണ്ടെന്നും, എല്ലാ ദുഃഖങ്ങളും വീണ്ടെടുക്കാൻ കഴിയുമെന്നും വിശ്വസിക്കുക എന്നതാണ് വെളിച്ചത്തിൽ ജീവിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. യേശുവിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ച അതേ ശക്തി നമ്മുടെ ഉള്ളിൽ വസിക്കുന്നു എന്ന സത്യം ധൈര്യത്തോടെ നടക്കാനും, കൃപ പകരാനും നമ്മെ വിളിക്കുന്നു. എത്ര ദുർബലമായാലും പുനഃസ്ഥാപിക്കാനും പുതുക്കാനും കഴിയുന്ന പ്രത്യാശയുടെ ജീവനുള്ള സാക്ഷ്യങ്ങളായി നമ്മുടെ ജീവിതങ്ങളെ അനുവദിക്കുക എന്നതാണ് ഇതിന് അർത്ഥം.

## പുതിയ പ്രത്യാശക്കുള്ള ആഹ്വാനം!

എമ്മവൂസിന്റെ കഥ വെറും ഒരു ചരിത്ര വിവരണമല്ല, അതു നമുക്കോരോരുത്തർക്കും വേണ്ടിയുള്ള വ്യക്തിപരമായ ക്ഷണമാണ്. സംശയത്തിന്റെയും നിരാശയുടെയും നിമിഷങ്ങളിൽപോലും യേശു നമ്മോടു ചേർന്നു നടക്കുന്നുണ്ടെന്ന് ഇതു നമ്മെ ഓർമ്മിപ്പിക്കുന്നു. കുരിശ് അവസാനമല്ലെന്നും നമ്മുടെ ഇപ്പോഴത്തെ പോരാട്ടങ്ങൾ ശാശ്വതമല്ലെന്നും അവന്റെ സൗമ്യമായ സാന്നിദ്ധ്യം നമുക്ക് ഉറപ്പു നൽകുന്നു.

***അപ്പോൾ ഞാൻ നിങ്ങളോടു ചോദിക്കട്ടെ:***

ഇന്നു നിങ്ങൾ വഹിക്കുന്ന ഭാരങ്ങൾ എന്തൊക്കെയാണ്? നിങ്ങളുടെ വെല്ലുവിളികളുടെ മദ്ധ്യേ നിങ്ങളോടൊപ്പം നടക്കാൻ നിങ്ങൾ യേശുവിനെ ക്ഷണിച്ചിട്ടുണ്ടോ?

നിങ്ങളുടെ വികാരങ്ങളെ വിശ്വാസത്തെ രൂപപ്പെടുത്തുവാൻ അനുവദിക്കുകയാണോ, അതോ ദൈവവചനത്തിന്റെ മാറ്റമില്ലാത്ത സത്യത്തിൽ ഉറച്ചുനിൽക്കുകയാണോ?


ECHO OF HIS CALL 1969-2019 GOLDEN JUBILEE
REACHING NATIONS

**നെഹെമ്യ ബൈബിൾ കോളേജുകൾ**

ചെപ്പോക്ക് & സന്തോഷപുരം,ചെന്നൈ.

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

**അതിവേഗം അഡ്മിഷൻ നേടുവിൻ!**

**ദൈവശാസ്ത്രത്തിൽ ഡിപ്ലോമ**

ഭാഷ : തമിഴ് (Part time)
ഹിന്ദി (Residential) (Sponsorship available)

കഴിഞ്ഞ 55 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ
ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

ഈ ഈസ്റ്ററിൽ, സംശയത്തിൽനിന്നു വിശ്വാസത്തിലേക്കും, നിരാശയിൽനിന്നു പ്രത്യാശയിലേക്കും മാറാൻ തീരുമാനിക്കുമോ?

വെളിച്ചം കാണാൻ ബുദ്ധിമുട്ടുന്നുന്നെങ്കിൽ ഒരു നിമിഷം പ്രാർത്ഥിക്കുവിൻ. ശിഷ്യന്മാരോടൊപ്പം നടന്നതുപോലെ യേശുവിനെ നിങ്ങളുടെ കഷ്ടപ്പാടുകളിലേക്കു ക്ഷണിക്കുവിൻ. യോഹന്നാൻ 11:25,26, 1 കൊരിന്ത്യർ 15:20-22 എന്നീ വചനങ്ങൾ ധ്യാനിക്കുവിൻ. അവൻ പുനരുത്ഥാനവും ജീവനുമാണെന്ന് ഈ വചനങ്ങൾ നിങ്ങൾക്ക് ഉറപ്പു നൽകട്ടെ. നിങ്ങളുടെ ദുഃഖം എത്ര ആഴമേറിയതായാലും അവന്റെ സന്തോഷവും സ്നേഹവും അനന്തമാണ്.

## പുനരുത്ഥാനത്താൽ രൂപാന്തരപ്പെട്ട ഒരു ജീവിതം ആലിംഗനം ചെയ്യുന്നു

പുനരുത്ഥാന പ്രത്യാശയോടെ ജീവിക്കുക എന്നത് ഭാവിയുടെ വാഗ്ദാനത്തിൽ വിശ്വസിക്കുന്നതിനേക്കാൾ അപ്പുറമാണ്. ആ പ്രത്യാശ എന്നത് നിങ്ങളുടെ ദൈനംദിന ജീവിതത്തെ രൂപപ്പെടുത്തുവാനും രൂപാന്തരപ്പെടുത്തുവാനും അനുവദിക്കുന്നതിനെക്കുറിച്ചാണ്. മുന്നോട്ടുള്ള പാത വ്യക്തമല്ലെങ്കിലും വിശ്വാസത്തിൽ ചുവടുവയ്ക്കുക, ആഴത്തിലുള്ള മുറിവുകൾക്കിടയിലും ക്ഷമ തിരഞ്ഞെടുക്കുക, അസാദ്ധ്യമാണെന്നു തോന്നിയാലും സ്നേഹിക്കുക എന്നതൊക്കെയാണ് ഇതിനർത്ഥം. **ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ** എന്ന് പൗലൊസ് നമ്മെ ഓർമ്മപ്പെടുത്തുന്നു. യേശുവിനെ മരിച്ചവരിൽനിന്നു ഉയർപ്പിച്ച അതേ ശക്തി നമ്മുടെ ഉള്ളിൽ പ്രവർത്തിക്കുന്നുണ്ടെന്ന് നാം തിരിച്ചറിയുമ്പോൾ ഈ പുതുക്കം തുടങ്ങുന്നു-ഹൃദയങ്ങളെ മാറ്റുന്നു, ആത്മാക്കളെ ശക്തിപ്പെടുത്തുന്നു, ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടും പുനർനിർവ്വചിക്കുന്നു.

ഓരോ കാഴ്ചപ്പാടും താല്ക്കാലികവും, ഓരോ തിരിച്ചടിയും വളർച്ചക്കുള്ള അവസരവും, ഓരോ കണ്ണീരും നിത്യസന്തോഷത്തിലേക്കുള്ള ചുവടുവയ്പും ആണെന്നു വിശ്വസിക്കുന്നെങ്കിൽ വ്യത്യസ്ഥമായി വെല്ലുവിളി നേരിടാൻ സാധിക്കും. ക്രിസ്തുവിനെ അറിയുന്നതിലൂടെ മാത്രം ലഭിക്കുന്ന ധൈര്യമാണ് പുനരത്ഥാന പ്രത്യാശയുടെ ശക്തി.

## പുനരുത്ഥാന പ്രത്യാശ സ്വീകരിക്കുന്നതിനുള്ള പ്രായോഗിക നടപടികൾ!

ഞങ്ങൾ ഈസ്റ്ററും പുതുജീവിതത്തിന്റെ വാഗ്ദാനവും ആഘോഷിക്കുമ്പോൾ, നിങ്ങളുടെ ദൈനംദിന ജീവിതത്തിൽ പുനരുത്ഥാന പ്രത്യാശ വളർത്തിയെടുക്കുവാനുള്ള ചില നിർദ്ദേശങ്ങൾ ഇതാ:

### 1. തിരുവെഴുത്തുകളിൽ മുഴുകുക!

ഓരോ ദിവസവും പ്രത്യേക സമയം വചനം വായിക്കാനും ധ്യാനിക്കാനും നീക്കിവയ്ക്കുക. റോമർ 6:4; യോഹന്നാൻ 11:25,26; 1 പത്രൊസ് 1:3 തുടങ്ങിയ വാക്യങ്ങൾ നിങ്ങളുടെ ആത്മാവിനെ അവന്റെ വാഗ്ദാനങ്ങളിൽ ഉറപ്പിക്കട്ടെ.

### 2. പ്രാർത്ഥനയിൽ മുഴുകുക!

ദൈവവുമായി സത്യസന്ധവും ഹൃദയപൂർവ്വവുമായ സംഭാഷണങ്ങളിൽ ഏർപ്പെടുവിൻ. നിങ്ങളുടെ ഭാരങ്ങൾ അവന്റെ മുമ്പിൽ നിരത്തി നിങ്ങൾ ഒറ്റക്കല്ല എന്ന ഉറപ്പുള്ള അവന്റെ ശബ്ദത്തിനായി ശ്രവിക്കുവിൻ.

### 3. വിശ്വാസികളുടെ ഒരു സമൂഹത്തിൽ ചേരുക!

നിങ്ങളുടെ വിശ്വാസവും പ്രത്യാശയും പങ്കിടുന്നവരുമായി കൂട്ടായ്മ ആചരിപ്പിൻ. കൂട്ടായ്മയിലൂടെ നിങ്ങളുടെ ജീവിതത്തിലെ പരിവർത്തിത പ്രവർത്തനങ്ങളുടെ സാക്ഷ്യങ്ങൾ പങ്കിടുമ്പോൾ നിങ്ങളുടെ ആത്മാവ് ശക്തിപ്പെടുകയും വിശ്വാസത്തിന്റെ ആഴം വർദ്ധിക്കുകയും ചെയ്യും.

9-ാം പേജിൽ തുടരും...

**VERY URGENT NOTICE!**




There may be some unavoidable difficulty in dispatching **Echo of His Call** by post in the very near future. Therefore, if you are really interested to receive **Echo of His Call** continuously, please send us your names, addresses, E.mail addresses and WhatsApp numbers through letters, E.mails, phone calls, WhatsApp or SMS messages immediately.

Please help us to serve you continuously.

**Our address:**

**ECHO OF HIS CALL,**
10, Mohammed Abdullah 2nd Street,
Chepauk, Chennai-600 005, India
Cell: (+91) 98412 71858 / 98410 71858
E.mail: sam@echoofhiscall.org

**URGENT NEED**

**Teachers for**

**ST. PAUL'S MATRICULATION SCHOOL,**
An *Echo of His Call* Institution
Vijayanagaram, Medavakkam,
Chennai - 100.

We need well qualified, experienced, dedicated, hard working and mission oriented Christians.
Apply with Bio-data to
E.mail: sam@echoofhiscall.org
WhatsApp: (+91) 98412 71858

## നികുതി ഇളവ്

“ECHO OF HIS CALL EDUCATIONAL TRUST” ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| Account Name | : | ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : | 1023 2923 805 |
| Bank Name | : | STATE BANK OF INDIA |
| Branch | : | TRIPLICANE, CHENNAI - 600 005 |
| IFSC Code | : | SBIN 0000249 |
| SWIFT Code | : | SBI NIN BB 455 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

### അവൻ മരുഭൂമിയെ ജലതടാകവും വരണ്ട നിലത്തെ നീരുറവുകളും ആക്കി – സങ്കീർത്തനങ്ങൾ 107:35

1989-ൽ ഞങ്ങളുടെ താമസവും സഭയുടെ ആരാധനയും ഒരു വാടക വീട്ടിൽ ആയിരുന്നു. കൂടാതെ ഞങ്ങളുടെ പ്രാർത്ഥനയും കൗൺസലിംഗ് സെന്റർ സി.എൻ.കെ. റോഡിലെ വാടക കെട്ടിടത്തിലുമായിരുന്നു. എന്തായാലും ഈ രണ്ടു സ്ഥലങ്ങളിൽനിന്നും പെട്ടെന്ന് ഒഴിഞ്ഞുമാറണമെന്ന് ഭൂവുടമസ്ഥർ ഞങ്ങളോട് ആവശ്യപ്പെട്ടു.

ആ സമയം ഞാനും എന്റെ ഭാര്യയും സർക്കാർ ഉദ്യോഗസ്ഥരായിരുന്നു. ഞങ്ങൾക്ക് ഉറപ്പുള്ള ഉദ്യോഗം ഉണ്ടായിരുന്നു എങ്കിലും ഞങ്ങളുടെ വരുമാനത്തിന്റെ സിംഹഭാഗവും കർത്താവിന്റെ വേലയ്ക്കുവേണ്ടി ചെലവാക്കുന്നതിനാൽ സാമ്പത്തികശേഷിയും മാനവശേഷിയും ഇല്ലായിരുന്നു. അതിനാൽ ഞങ്ങളുടെ താമസം, സഭ, **വിളിയുടെ പ്രതിധ്വനി** ഓഫീസ് എന്നിവ പെട്ടെന്ന് മറ്റൊരു സ്ഥലത്തേക്ക് മാറ്റുവാൻ വലിയ ബുദ്ധിമുട്ടായിരുന്നു. കൂടാതെ ഞങ്ങളുടെ ഭൂവുടമസ്ഥരോട് മദ്ധ്യസ്ഥത ചെയ്യുവാനും ആരുമില്ലായിരുന്നു. ഈ പ്രയാസമേറിയ അവസ്ഥയിൽ ഞങ്ങളുടെ രണ്ടു ചെറിയ കുഞ്ഞുങ്ങളും ഞങ്ങളോടൊപ്പം ബുദ്ധിമുട്ടുന്നുണ്ടായിരുന്നു.

ഒരു ഭവനത്തിനും സഭയ്ക്കും ഓഫീസിനുമുള്ള സ്ഥലം എന്ന പ്രശ്നത്തിന്റെ പരിഹാരത്തിനായി ആഗ്രഹിച്ചുകൊണ്ട് ഒരു പ്രഭാതത്തിൽ ഞാൻ ചെപ്പോക്കിലെ തെരുവീഥികളിൽ ഏകദേശം രണ്ടു മണിക്കൂർ അലഞ്ഞുനടന്നു. ഓരോ ചുവടുവയ്പിലും ഞാൻ ദൈവത്തെ സ്തുതിച്ചു, അവന്റെ കരുതലിൽ വിശ്വസിച്ചു.

യാത്രാമദ്ധ്യേ ഞാൻ രണ്ടു ഭവന ബ്രോക്കർമാരോടു എന്റെ ആവശ്യം പറഞ്ഞു. അവർ എന്നോടു തുറന്നടിച്ചു ഇങ്ങനെ പറഞ്ഞു:

"ഈ പ്രദേശത്തു നിങ്ങൾക്കു ആരും വാടകയ്ക്കു തരികയില്ല. നിങ്ങൾ ഉച്ചത്തിൽ പ്രാർത്ഥിക്കുകയും ഹല്ലേലൂയ്യാ എന്ന് വിളിക്കുകയും രാത്രിയിൽ സംഗീതോപകരണങ്ങൾ ഉപയോഗിച്ച് പാടുകയും ചെയ്യുന്നു. ഇതു മുഖാന്തിരം ഞങ്ങളുടെ ദേവന്മാരും ദേവതമാരും കോപിക്കുന്നു, അവരുടെ ശക്തികൾ ക്ഷയിച്ചുപോകുന്നു. തൽഫലമായി ഞങ്ങൾ കഷ്ടപ്പെടുകയാണ്."

അധൈര്യപ്പെടാതെ, ക്ഷമയോടും പ്രത്യാശയോടുംകൂടെ ഞാൻ യാത്ര തുടർന്നു. പോകയിൽ ഞാൻ എന്റെ ഒരു റോമൻ കത്തോലിക്ക വിഭാഗത്തിലെ ഒരു സുഹൃത്തിനെ കണ്ടു. എന്റെ ആവശ്യം അദ്ദേഹത്തോടു പറഞ്ഞു. ക്ഷമയോടു കേട്ടിട്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു:

"സഹോദരാ, ഒരു പഴയ വീട് ഉണ്ട്. പക്ഷെ, അതിൽ പ്രേതബാധ ഉണ്ടെന്നുള്ള വിശ്വാസത്താൽ ആരും അവിടെ താമസിക്കാറില്ല. മുമ്പ് അവിടെ താമസിച്ചിരുന്ന ഒരാൾ ആത്മഹത്യ ചെയ്തു. അതിനാൽ ദുഷ്ടാത്മാക്കൾ അവിടെ വസിക്കുന്നു എന്ന് ജനങ്ങൾ വിശ്വസിക്കുന്നു. എന്നാൽ നിങ്ങൾ പരിശുദ്ധാത്മാവിനാൽ നിറഞ്ഞിരിക്കുകയും, അത്തരം ആത്മാക്കളെ പുറത്താക്കാൻ ശക്തിയുമുള്ളതിനാൽ കുറഞ്ഞ വാടകയ്ക്ക് ആ വീട് നിങ്ങൾക്കു ലഭിക്കുന്നതാണ്."

അദ്ദേഹത്തിന്റെ വാക്കുകൾ എനിക്കു സന്തോഷവും പ്രത്യാശയും നൽകി എങ്കിലും വലിയ ഒരു തടസ്സം ഉണ്ടായിരുന്നതെന്തെന്നാൽ കൈയ്യിൽ അഡ്വാൻസ് നൽകാൻ 50/- രൂപ പോലും ഇല്ലായിരുന്നു.

ഞാൻ വീട്ടിലേക്കു മടങ്ങി, മുട്ടുകുത്തി, സ്വർഗ്ഗസ്ഥനായ പിതാവിനോടു ആത്മാർത്ഥമായി പ്രാർത്ഥിച്ചു. ദൈവം അവിശ്വസനീയമായ രീതിയിൽ ഒരു വലിയ അത്ഭുതം ചെയ്തു.

പിറ്റെ ദിവസത്തെ പത്രത്തിൽ ഒരു പരസ്യം ഉണ്ടായിരുന്നത് ഇപ്രകാരമായിരുന്നു:

"***ഭവന വികസന ധനകാര്യ കോർപ്പറേഷൻ***, സർക്കാരുമായി സഹകരിച്ച്, സ്ഥിരം സർക്കാർ ഉദ്യോഗസ്ഥർക്ക് സ്വന്തവീട് വാങ്ങുന്നതിന് മുൻകൂർ പണം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നു. ആദ്യം വരുന്നവർക്ക് ആദ്യം എന്ന രീതിയിൽ സഹായം നൽകുന്നതാണ്."

ഒരു മടിയും കൂടാതെ ഞാൻ എന്റെ ഓഫീസിൽ പോയി ഉടനെ തന്നെ അപേക്ഷിച്ചു. സാധാരണയായി ഇത്തരം വായ്പകൾ അനുവദിച്ചു വരാൻ അഞ്ചു വർഷത്തോളമെടുക്കും. എന്നാൽ ദൈവകൃപയാൽ, വളരെ പെട്ടെന്നു തന്നെ എനിക്ക് ആവശ്യമായ തുക അനുവദിച്ചു. എനിക്ക് തുക ലഭിച്ച ഉടനെ തന്നെ ഈ പദ്ധതി പിൻവലിച്ചത് അതിശയകരമായിരുന്നു.

ആ തുക ഉപയോഗിച്ച് വീടും സ്ഥലവും വാങ്ങി. അത് ഞങ്ങളുടെ താമസ സ്ഥലവുമായി. വീടും പള്ളിയും ഓഫീസും ആ കെട്ടിടത്തിലേക്കു മാറ്റി. ഞങ്ങൾ ഭാരപ്പെട്ടതുപോലെ ഒരു ദുഷ്ടസാന്നിദ്ധ്യവും അവിടെ ഉണ്ടായിരുന്നില്ല. ദൈവം അത്ഭുതകരമായി ഞങ്ങളെ നടത്തി. താഴത്തെ നിലയിൽ ഞങ്ങളുടെ പള്ളിയും, ഒന്നാമത്തെ നിലയിൽ ഞങ്ങളുടെ താമസവും, രണ്ടാമത്തെ നിലയിൽ ഓഫീസുമായി ഞങ്ങൾ ക്രമീകരിച്ചു.

ഏതാനും വർഷങ്ങൾക്കുശേഷം ഈ പഴയ കെട്ടിടം പൊളിച്ചുമാറ്റി പുതിയതു പണിയുവാൻ ദൈവം കൃപ ചെയ്തു. ഇന്ന് ഞങ്ങളുടെ അച്ചടിശാല, പള്ളി, ഓഫീസ്, താമസസ്ഥലം എന്നിവയെല്ലാം ഈ കെട്ടിടത്തിൽ നിലകൊള്ളുന്നു.

1994-ൽ ഞാൻ സർക്കാർ സർവ്വീസിൽനിന്നു വിരമിച്ചപ്പോൾ ഈ വായ്പ തുക കുടിശ്ശികയില്ലാതെ മുഴുവനായി അടച്ചുതീർക്കാൻ ദൈവം എന്നെ സഹായിച്ചു. ഇപ്പോൾ ഞാൻ സന്തോഷത്തോടെ കർത്താവിനെ സേവിക്കുന്നു.

**യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ!** (സങ്കീർത്തനങ്ങൾ 34:8)

************

7-ാം പേജിന്റെ തുടർച്ച...

## 4. നിങ്ങളുടെ വിശ്വാസം നിലനിറുത്തുക!

പുനരുത്ഥാനത്തിന്റെ പ്രത്യാശ നിങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളെ രൂപപ്പെടുത്തട്ടെ. ക്ഷമിക്കുകയും, ആവശ്യമുള്ളവരോടു ദയ കാണിക്കുകയും, അനശ്ചിതത്വത്തിലും വിശ്വാസത്തോടെ മുന്നിട്ടിറങ്ങുകയും ചെയ്യുക, നിങ്ങളുടെ ജീവിതം ക്രിസ്തുവിന്റെ വീണ്ടെടുപ്പു ശക്തിയുടെ ഒരു സാക്ഷ്യമാകട്ടെ.

**സമാപന പ്രോത്സാഹനം:**

ഈ ഈസ്റ്ററിൽ, ദുഃഖത്തിൽനിന്നു സന്തോഷത്തിലേക്കും, സംശയത്തിൽനിന്നു അചഞ്ചലമായ വിശ്വാസത്തിലേക്കും, നിരാശയിൽനിന്നു ഒരിക്കലും പരാജയപ്പെടാത്ത പ്രത്യാശയിലേക്കുമുള്ള, ആഴത്തിലുള്ള പരിവർത്തനം നിങ്ങൾക്ക് അനുഭവിക്കാൻ കഴിയട്ടെ. യേശുവിന്റെ പുനരുത്ഥാനം കേവലം ഒരു ചരിത്ര സംഭവം മാത്രമല്ല; അതു നമ്മുടെ വിശ്വാസത്തിന്റെ അടിത്തറയാണ്, രാത്രി എത്ര ഇരുണ്ടതാണെങ്കിലും അവന്റെ വെളിച്ചത്തിന്റെ ഉദയം എന്നേക്കും പ്രകാശിക്കുമെന്ന് പ്രഖ്യാപിക്കുന്നു.

ചിന്തയുടെ ഈ സമയം വിട്ടു നിങ്ങൾ പോകുമ്പോൾ, നിങ്ങളുടെ ജീവിതയാത്രയുടെ ഓരോ ഘട്ടത്തിലും യേശു നിങ്ങളുടെ കൂടെ നടക്കുമെന്നുള്ള ഉറപ്പും നിങ്ങൾക്കുണ്ടായിരിക്കട്ടെ. നിങ്ങളുടെ ഭാരങ്ങൾ മാറ്റി തന്റെ സ്നേഹത്താലും വിജയത്താലും പുതുക്കപ്പെട്ട ജീവിതം നേടുവാനായും അവൻ നിങ്ങളെ ക്ഷണിക്കുന്നു. നിങ്ങളുടെ ഹൃദയം അവന്റെ വചനത്തിന്റെ ശക്തിക്കായി തുറന്നിരിക്കട്ടെ, അവനിലൂടെ നിങ്ങൾ ഒരു ജേതാവിനെക്കാൾ അപ്പുറമാണെന്ന് അറിഞ്ഞുകൊണ്ട് ഒരോ ദിവസത്തെയും ആത്മവിശ്വാസത്തോടെ നേരിടാനുള്ള ശക്തി നിങ്ങൾക്ക് ഉണ്ടാകട്ടെ.

2 കൊരിന്ത്യർ 5:17-ാം വാക്യം നിങ്ങളുടെ ഹൃദയങ്ങളിൽ പ്രതിധ്വനിക്കട്ടെ:

**ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു.**

ഈസ്റ്റർ വാഗ്ദാനം ചെയ്യുന്ന ഈ പുതിയ ജീവിതം സ്വീകരിക്കുവിൻ. പുനരുത്ഥാനത്തിന്റെ പ്രത്യാശ നിങ്ങളുടെ ചിന്തകളെ പ്രകാശിപ്പിക്കുകയും നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകുകയും ക്രിസ്തുവിനു മാത്രം നൽകാൻ കഴിയുന്ന അചഞ്ചലമായ സന്തോഷം കൊണ്ട് നിങ്ങളുടെ ദിവസങ്ങൾ നിറയ്ക്കുകയും ചെയ്യട്ടെ.

നിങ്ങൾ ജീവിതത്തിന്റെ ഏതു കാലഘട്ടത്തിലായാലും യേശു അടുത്താണെന്ന് അറിയുക. നിങ്ങളുടെ ഹൃദയം തുറക്കുവിൻ, അവന്റെ വാഗ്ദാനങ്ങളിൽ വിശ്വസിക്കുവിൻ, അവൻ നിങ്ങൾക്കായി ഒരുക്കിയ പുതിയ ജീവിതത്തിലേക്ക് ധൈര്യത്തോടെ ചുവടു വയ്ക്കുവിൻ. പുനരുത്ഥാനത്തിന്റെ ശക്തിയിൽ അധിഷ്ഠിതമായ ഈ പ്രത്യാശയുടെ സന്ദേശം നിങ്ങളുടെ ഇരുണ്ട നിമിഷങ്ങളിൽ പ്രകാശ ദീപമാകട്ടെ. ആമേൻ!

# ആദരാജ്ഞലി



എന്റെ പ്രീയപ്പെട്ട ആത്മസുഹൃത്തായ പാസ്റ്റർ സാം സെൽവരാജിന്റെ ഏകമകൻ, പാസ്റ്റർ അലക്സ് സാംസൺ സാം, 2025 ഫെബ്രുവരി 13ന് കർത്തൃസന്നിധിയിൽ പ്രവേശിച്ചു. അദ്ദേഹം ഇപ്പോൾ നമ്മോടൊപ്പമില്ലെങ്കിലും, അദ്ദേഹത്തിന്റെ ഓർമ്മകൾ ഞങ്ങളുടെ ഹൃദയങ്ങളിൽ നിറഞ്ഞുനിൽക്കുന്നു.

സഹോ. സാം സെൽവരാജ്, കുടുംബം, **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷയുടെ മുഴുവൻ ജീവനക്കാർ എന്നിവർക്ക് ഞങ്ങളുടെ അഗാധമായ അനുശോചനം അറിയിക്കുന്നു.

***പാസ്റ്റർ അലക്സ് സാംസൺ സാം***

പാസ്റ്റർ അലക്സ് സാംസൺ സാം ദയയും മാന്യതയും സ്ഥിരതയുമുള്ളവനായിരുന്നു. അദ്ദേഹത്തിന്റെ ഊഷ്മളതയും അചഞ്ചലമായ വിശ്വാസവും അനേകം യുവാക്കളെ **വിളിയുടെ പ്രതിധ്വനി**യിലേക്ക് ആകർഷിച്ചു, **അന്താരാഷ്ട്ര യോശുവ വാര്യേഴ്സ്** അദ്ദേഹത്തിന്റെ സ്വാധീനത്തിന്റെ വലിയ തെളിവാണ്.

ദൈവീക വിളി പൂർണ്ണഹൃദയത്തോടെ സ്വീകരിച്ച അദ്ദേഹം തന്റെ 41 വർഷത്തെ ജീവിതത്തിൽ 30 വർഷത്തിലധികവും ഒരു പാസ്റ്റർ എന്ന നിലയിൽ കർത്താവിനെ സേവിക്കാൻ സമർപ്പിച്ചു. ഒരിക്കൽപോലും അദ്ദേഹം ലൗകീക ആഡംബരം തേടി പോയിട്ടില്ല. പരാതിയില്ലാതെ, ശാരീരിക പീഡനങ്ങൾ സഹിച്ചുകൊണ്ട് ത്യാഗപൂർണ്ണമായ ഹൃദയത്തോടെയാണ് അദ്ദേഹം തന്റെ ശുശ്രൂഷ നിർവ്വഹിച്ചത്.

ജീവിതത്തിന്റെയും മരണത്തിന്റെയും അഗാധമായ സത്യം അദ്ദേഹം മനസ്സിലാക്കി:

*മരണത്തെ മനസ്സിലാക്കുന്നവൻ ഒരു ജേതാവാകുന്നു*
*ഒരു യഥാർത്ഥ വിജയി ഭയം അറിയുന്നില്ല*
*വിശ്വാസത്തിൽ നടക്കുന്നവർക്ക്, മരണത്തിന് ആധിപത്യമില്ല.*

ജീവിതത്തിന്റെ ഫലങ്ങൾ ആസ്വദിക്കാൻ പലരും ജനിക്കുമ്പോൾ, പാസ്റ്റർ അലക്സ് ഭക്തിയുടെയും ആത്മത്യാഗത്തിന്റെയും പാത തിരഞ്ഞെടുത്തു. അദ്ദേഹത്തിന്റെ അചഞ്ചലമായ വിശ്വാസം കാരണം, ദൈവം അദ്ദേഹത്തെ സമൃദ്ധമായി അനുഗ്രഹിച്ച്, ഭൂമിയിലും സ്വർഗ്ഗത്തിലും ദൈവീകനീതിയുടെ തെളിവായി, തന്റെ അരികിൽ ഒരു സ്ഥാനം നൽകുകയും ചെയ്യും.

ദുഃഖത്തോടെയല്ല, ഉറച്ച ഹൃദയങ്ങളോടെ നമുക്ക് അദ്ദേഹത്തിന്റെ ഓർമ്മകളെ ആദരിക്കാം. ആദ്ദേഹത്തിന്റെ ആത്മാവ് നമ്മോടൊപ്പമുണ്ടെന്ന് അറിഞ്ഞ് ഉറച്ച പ്രതിബദ്ധതയോടെ **വിളിയുടെ പ്രതിധ്വനി**യുടെ ദൗത്യം തുടരുകയാണ് നമുക്ക് അദ്ദേഹത്തിനു നൽകാൻ കഴിയുന്ന ഏറ്റവും വലിയ ആദരാജ്ഞലി.



***പി. ശിവപ്രകാശം***



***സി. മുത്തു***

ഹൃദയംഗമായ പ്രാർത്ഥനകളോടെ,

പി. ശിവപ്രകാശം &
സി. മുത്തുവും കുടുംബവും
(പാസ്റ്റർ സാം സെൽവരാജിന്റെ
അടുത്ത സുഹൃത്തുക്കൾ)

"Egmore RMS Patrika Channel" RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## Echo of His Call

**YouTube**
*Please subscribe*

Kindly view and subscribe our **Echo of His Call YouTube Channel** when you get time. Thanks.

- Editor

## OUR BANK DETAILS:

### *1. Bank : State Bank of India*

| | |
|---|---|
| Branch | : Triplicane, Chennai-5 |
| Name | : S. Sam Selva Raj |
| A/C No. | : 1023 2934 679 |
| IFSC | : SBIN 00 00 249 |
| SWIFT CODE | : SBI NIN BB 455 |

### *2. Bank : ICICI Bank*

| | |
|---|---|
| Branch | : Anna Salai, Chennai-6 |
| Name | : Echo of His Call |
| A/C No. | : 6038 0502 2319 |
| IFSC | : ICIC 000 6038 |

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

| | |
|---|---|
| Branch | : Triplicane, Chennai-5 |
| Name | : Echo of His Call Educational Trust |
| A/C No. | : 1023 2923 805 |
| IFSC | : SBIN 00 00 249 |

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/– രൂപ    ആയുഷ്കാല വരിസംഖ്യ : 2000/– രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.org

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/24-26
Licence No. WPP. No. TN/PMG(CCR)/WPP-221/24-26
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS Patrika Channel"
on 4th APRIL 2025.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers**, New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**